➯ *ജനിതക മാറ്റം വരുത്തിയ വിളകൾ വേണ്ട* ➯

**പശ്ചിമഘട്ട** വിദഗ്ധസമിതി (ഗാഡ്ഗിൽ) റിപ്പോർട്ടിനെതിരെ ഹൈറേഞ്ച് കർഷകരുടെ ഭാഗത്ത് നിന്നും മലയോരമേഖലയിലെ ജനപ്രതിനിധികളുടെ ഭാഗത്ത് നിന്നും എതിർപ്പുകൾ മാത്രമാണുള്ളതെന്ന് ധാരണയാണ് കേരളത്തിൽ പ്രചരിപ്പിക്കപ്പെട്ടത്. ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകൾ സജീവ ചർച്ചയാവുകയും വിവാദങ്ങൾ കത്തിപ്പടരുകയും ചെയ്ത സമയത്ത് റിപ്പോർട്ടിനെതിരെയുള്ള വാദങ്ങൾ മാത്രമാണ് ഉച്ചത്തിൽ പ്രചരിക്കപ്പെട്ടത്. പ്രതിഷേധങ്ങളുടെ ഏകപക്ഷീയതകൾക്കിടയിൽ കാണാതെ പോയ ചില സമവായ ശ്രമങ്ങളും കേരളത്തിൽ നടക്കുകയുണ്ടായി. കർഷകരും പരിസ്ഥിതി പ്രവർത്തകരും ജനപ്രതിനിധികളും ഒത്തുചേർന്ന പല സന്ദർഭങ്ങളുമുണ്ടായി. പശ്ചിമഘട്ട സംരക്ഷണ സംവാദങ്ങളിൽ ആ ശ്രമങ്ങൾക്ക് നിർണ്ണായക സ്ഥാനമുണ്ട്. പ്രത്യേകിച്ച് പക്ഷപാതപരമായ വാദങ്ങൾ മാത്രം സജീവമായി നിൽക്കുന്ന ഒരന്തരീക്ഷത്തിൽ. 2012 നവംബർ 17ന് കൽപ്പറ്റയിലെ എം.എസ്. സ്വാമിനാഥൻ ഗവേഷണ നിലയത്തിൽ വച്ച് നടന്നത് അത്തരത്തിലുള്ള ഒരു കൂട്ടായ്മയായിരുന്നു. തുടർന്ന് വയനാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഗവേഷണ നിലയത്തിലെ ശാസ്ത്രജ്ഞരുടെ മുൻകൈയിൽ അത്തരം കൂടിയിരിക്കലുകൾ നടന്നു. ഗാഡ്ഗിൽ റിപ്പോർട്ടിനെ സൂക്ഷ്മമായി വിലയിരുത്താനും അനുഭവസിദ്ധമായ അറിവുകളുടെകൂടി അടിസ്ഥാനത്തിൽ ചില നിഗമനങ്ങളിലെത്താനും വയനാട്ടിലെ കർഷകർക്ക് കഴിഞ്ഞു. ഗാഡ്ഗിൽ റിപ്പോർട്ടിനെ തീർത്തും പക്ഷപാതരഹിതമായി നോക്കിക്കണ്ട കർഷകരുടെ അഭിപ്രായങ്ങൾ എം.എസ്.എസ്.ആർ.എഫ് ക്രോഡീകരിച്ചിരുന്നു. അവയിൽ പ്രസക്തമായവ കേരളീയം പൊതുസംവാദത്തിനായി അവതരിപ്പിക്കുന്നു.

# ഗാഡ്ഗിൽ റിപ്പോർട്ട്: സമവായ ശ്രമങ്ങളും കേരളത്തിൽ നടന്നിട്ടുണ്ട്

ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പേരിൽ കേരളത്തിൽ വാദപ്രതിവാദങ്ങൾ കൊഴുക്കുന്നതിനിടയിൽ, കർഷകരും പരിസ്ഥിതി പ്രവർത്തകരും ഇരുതട്ടിലാണെന്ന മാധ്യമ വിധിപറച്ചിലുകൾക്കിടയിൽ, ചില വട്ടമേശകളിൽ അവർ ഒന്നിച്ചിരിക്കുകയും റിപ്പോർട്ടിലെ തള്ളേണ്ടതും കൊള്ളേണ്ടതും ചർച്ചചെയ്യുകയും ചെയ്തിരുന്നു. വയനാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ അത്തരം കൂടിയിരിക്കലുകൾ സാധ്യമായി. അതിലൊന്നിലെ പ്രസക്തമായ ചർച്ചകൾ ക്രോഡീകരിക്കുന്നു.

**ഡോ. എൻ. അനിൽകുമാർ, സുമ വിഷ്ണുദാസ്**

ചർച്ച ക്രോഡീകരിച്ച വയനാട്ടിലെ എം.എസ്. സ്വാമിനാഥൻ റിസർച്ച്ഫൗണ്ടേഷനിലെ ശാസ്ത്രജ്ഞരാണ് ലേഖകർ.

**ജനിതകമാറ്റം വരുത്തിയ വിത്തുകൾ**

ജനിതക മാറ്റം വരുത്തിയ വിളകൾ വേണ്ട എന്ന നിർദ്ദേശത്തോട് യോജിക്കുന്നു.

**പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം**

ഇന്ന് സാധനങ്ങൾ ലഭിക്കുന്നത് പ്ലാസ്റ്റിക്ക് കവറുകളിലാണ്. ഇത് നിയന്ത്രിക്കണം. ടൂറിസം കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക്ക് ഉപയോഗം നിയന്ത്രിക്കാൻ ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ കർശനമായ ഇടപെടൽ അനിവാര്യമാണ്.

**ഹിൽസ്റ്റേഷൻ പാടില്ല**
യോജിക്കുന്നു.

**പ്രത്യേക സാമ്പത്തിക മേഖലകൾ പാടില്ല**
യോജിക്കുന്നു

**പൊതുഭൂമി (വനഭൂമി) സ്വകാര്യഭൂമിയാക്കിമാറ്റൽ**
വനഭൂമി കൃഷിഭൂമിയാക്കാൻ പാടില്ല. വനാവകാശനിയമം പുർണ്ണമായി നടപ്പാക്കുക.

**റോഡ്–യാത്രാ സൗകര്യങ്ങളുടെ വിപുലീകരണം**
എക്സ്പ്രസ്‌വേകൾ ഒഴിച്ചുള്ള റോഡുകളുടെ വിപുലീകരണത്തിൽ സ്വീകരിക്കേണ്ട മാനദണ്ഢങ്ങളെ ക്കുറിച്ച് തീരുമാനമെടുക്കാനും പരിസ്ഥിതി ആഘാത പഠനങ്ങൾ നടത്താനും തദ്ദേശസർക്കാറുകൾക്ക് അധികാരം ഉണ്ടായിരിക്കണം.

**നിലവിലുള്ള ഹോട്ടലുകൾ റിസോർട്ടുകൾ**
ടൂറിസം പ്ലാനിങ്ങ് പ്രാദേശിക ആണൂത്രണത്തിന്റെ ഭാഗമാക്കണം. പ്രാദേശിക വിഭവങ്ങൾ (ഉദാ. ജലം,) ഉപയോഗിച്ചുകൊണ്ടുള്ള പ്രൈവറ്റ് സ്ഥാപനങ്ങളും പ്രാദേശിക ആസൂത്രണത്തിലൂടെ വേണം വരാൻ. പഞ്ചായത്തിന്റെ അനുമതി ഇത്തരം സംരംഭങ്ങൾക്ക് നിർബന്ധമാക്കണം. ഹോട്ടലുകളും റിസോർട്ടുകളും നിലവിലുള്ളതും വരാനുള്ളതുമായ നിയമങ്ങൾ പാലിക്കണം.

സർക്കാർ സ്ഥാപനങ്ങൾ മതിലുകൾ നിർമ്മിക്കുന്നത് അവസാനിപ്പിക്കണം, ജൈവ മതിലുകൾ പ്രോത്സാഹിപ്പിക്കണം. വയനാടിന്റെ കുന്നിടിക്കൽ, വയൽ നികത്തൽ എന്നിവ നിയന്ത്രിക്കാൻ കർശനമായ നിയമനിർമ്മാണവും, നിയന്ത്രണങ്ങളും, ഒപ്പം ഗ്രാമപഞ്ചായത്തുകൾക്ക് നിയന്ത്രണാധികാരവും നൽകണം.

**നിർമ്മാണ പ്രവർത്തനങ്ങൾ**
കെട്ടിട നിർമ്മാണത്തിന് പഞ്ചായത്തിന്റെ അനുമതി കർശനമാക്കണം. വലിയ കെട്ടിടനിർമ്മാണങ്ങൾക്ക് സംസ്ഥാന തലത്തിൽ ഒരേ നിയമം വേണം. ഓരോ വീട്ടിലും താമസിക്കുന്ന ആളുകളുടെ എണ്ണം അനുസരിച്ച് വീടിന്റെ വലുപ്പം നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങളുണ്ടാവണം. രണ്ടുനിലയിൽ കുടുതലുള്ള വീടുകൾ നിരുൽസാഹപ്പെടുപ്പണം. മുറ്റം കോക്രീറ്റ് ചെയ്യുന്നത് നിരോധിക്കണം. സർക്കാർ സ്ഥാപനങ്ങൾ മതിലുകൾ നിർമ്മിക്കുന്നത് അവസാനിപ്പിക്കണം, ജൈവ മതിലുകൾ പ്രോത്സാഹിപ്പിക്കണം. വയനാടിന്റെ കുന്നിടിക്കൽ, വയൽ നികത്തൽ എന്നിവ നിയന്ത്രിക്കാൻ കർശനമായ നിയമനിർമ്മാണവും, നിയന്ത്രണങ്ങളും, കൂടാതെ ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് നിയന്ത്രണാധികാരവും നൽകണം.

**മാലിന്യസംസ്കരണം**
പഞ്ചായത്തുകൾ തോറും പ്ലാസ്റ്റിക് റീസൈക്ലിങ്ങ് യൂണിറ്റ് തുടങ്ങണം. മാലിന്യ നിർമ്മാർജന പ്രവർത്തനം ഊർജ്ജിതമാക്കണം. പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ മാലിന്യങ്ങളിൽ നിന്നുള്ള ഊർജ്ജോത്പാദനം പ്രോത്സാഹിപ്പിക്കുക. ഓരോവീടിനും ബയോഗ്യാസ് പ്ളാന്റുകൾ അനുവദിക്കുക.

**അപകടകരമായ മാലിന്യ സംസ്കരണം**
ഗാർഹികമാലിന്യം, ഹോട്ടലുകളിലെ മാലിന്യം, നഗരമാലിന്യം, എന്നിവ പൊതുസ്ഥലത്തും വനങ്ങളിലും നിക്ഷേപിക്കുന്നത് നിയന്ത്രിക്കണം. ടൂറിസം കേന്ദ്രങ്ങളിലും വനപാതയോരങ്ങളിലും (ചുരം റോഡ്) നടക്കുന്ന ചെറുകിട കച്ചവടങ്ങളുമായി ബന്ധപ്പെട്ട മലിനീകരണം നിയന്ത്രിക്കുക.

**മലിനജല വിനിയോഗം**
സ്ഥാപനങ്ങളിലെ മാലിന്യം പുഴയിലേക്ക് ഒഴുക്കുന്നത് തടയണം. വയലുകളിലെ കളനാശിനിപ്രയോഗം കർശനമായി നിയന്ത്രിക്കണം. നീരുറവകൾ മലിനീകരിക്കപ്പെടുന്നത് തടയാൻ ശക്തമായ നിയമനിർമ്മാണം വേണം.

**ജലം – ഭൂഗർഭജലം**
വയനാടിന്റെ ഭൂഗർഭ ജലവിതാനം വളരെ കുറഞ്ഞുവരുന്നു. കുന്നിടിക്കലും, വയൽ നികത്തലും, കുഴൽകിണറുകളും നിയന്ത്രിക്കണം. നെൽവയലുകൾ സംരക്ഷിച്ചുകൊണ്ടും അമിത ജലചൂഷണം നിയന്ത്രിച്ചുകൊണ്ടും ഭൂഗർഭജല വിതാനം താഴാതെ കാക്കണം. ചെറുനദികളുടെ പരിപാലനം പഞ്ചായത്തുകളുടെ അധികാരപരിധിയിൽ വരണം.

**വലിയ ജലവൈദ്യുത പദ്ധതികളും ജലസേചനപദ്ധതികളും**
നിർമ്മിച്ചുകഴിഞ്ഞ ഡാമുകളെ ജലസേചനത്തിനുവേണ്ടി ഉപയാഗപ്പെടുത്തുക. കാലാവധി വർദ്ധിപ്പിക്കുന്നതിനായി ഓരോന്നിനേയും പ്രത്യേകമായി പഠിച്ച്, ക്യാച്ച്മെന്റ് ഏരിയയിലെ പ്രവർത്തനങ്ങളേയും പരിപാലനത്തേയും സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കുക.

**പങ്കാളിത്ത ജലവിഭവസംരക്ഷണം**

പുൽപ്പള്ളി, കാപ്പിസെറ്റ് പ്രദേശങ്ങളിൽ ഭൂഗർഭ ജലവിതാനം താഴ്ന്നുകൊണ്ടിരിക്കുകയാണ്. അവിടെ സ്പെഷ്യൽ സോൺ ആയി പ്രഖ്യാപിച്ച് - ഗ്രൗണ്ട് വാട്ടർ ലെവൽ - ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ ഉണ്ടാവണം. അതിന്റെ പ്രാദേശികമായ ഉത്തരവാദിത്വം ജനങ്ങൾക്കായിരിക്കണം.

**നദികൾ, പുഴകൾ**

വയനാടിന്റെ പുഴകളെ സംബന്ധിച്ച് ശാസ്ത്രീയപഠനം വേണം. നിലവിൽ നടന്നിട്ടുള്ള പഠനങ്ങൾ സമാഹരിക്കണം. പുഴയോരത്തെ നിർമ്മാണങ്ങൾ എങ്ങനെയാകണം എന്നത് സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ വേണം.

**നദികളുടെ ഗതിമാറ്റലും സംയോജനവും**

നദീസംയോജനവും ഗതിമാറ്റലും അനുവദിക്കില്ല എന്ന നിർദ്ദേശം പൂർണ്ണമായും അംഗീകരിക്കുന്നു.



**കൃഷി-പരിസ്ഥിതി സംരക്ഷണാർത്ഥമുള്ള പ്രതിഫലം**

കുറച്ചുകൂടി വ്യക്തതയോടേ നിർവചിക്കണം. ജൈവകൃഷിയിലേക്ക് മാറാൻ കർഷകൻ നഷ്ടം സഹിക്കേണ്ടി വരുന്നുണ്ട്. അതിനനുസരിച്ച് കർഷകർക്ക് സർചാർജ്ജ് കൊടുക്കണം. ഉൽപ്പാദനക്ഷമത കൈവരിക്കുന്നതുവരെയുള്ള കാലയളവിൽ പ്രത്യേക സാമ്പത്തിക സഹായം കർഷകന് നൽകണം.

ഉൽപ്പാദനക്ഷമത കൂട്ടാൻ ആവശ്യമായ പരിശീലനം നൽകണം. മരങ്ങൾ, ദീർഘകാല വിളകൾ എന്നിവ സംരക്ഷക്കുന്നതിന് കിട്ടുന്ന സർച്ചാർജ്/സബ്സിഡി/ഇൻസെന്റീവ് കർഷകന്റെ അവകാശമായി മാറണം. ഓർഗാനിക് സർട്ടിഫിക്കേഷന് വികേന്ദ്രീകൃത സ്വഭാവമുള്ള സർക്കാർ സംവിധാനം വേണം. ഇത് പ്രാദേശിക തലത്തിൽ കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പ്രവർത്തിക്കണം. ജൈവകൃഷിയിലേക്ക് മാറുന്നതിന് പരിസ്ഥിതി സംരക്ഷണാർത്ഥം കൺസർവേഷൻ സർചാർജ്ജും, ഉൽപാദനക്ഷമത പുനഃസ്ഥാപിക്കുന്നത് വരെ അധിക ധനസഹായവും നൽകണം. പരിസ്ഥിതി സംരക്ഷണാർത്ഥം നൽകുന്ന സബ്സിഡി, ഇൻസെന്റീവ് എന്നിവ കർഷകരുടെ അവകാശമായി അംഗീകരിക്കുകയും സ്ഥിരമായ മാസവരുമാനം ഉറപ്പാക്കുകയും വേണം. ജൈവവൈവിധ്യ സംരക്ഷണം നടത്തുന്ന കർഷകർക്കും ഇൻസെന്റീവ് നൽകണം. തരിശിടൽ, പാട്ടകൃഷി എന്നിവ നിരുത്സാഹപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണം. ഇ.എഫ്.എൽ നിയമങ്ങൾ കർഷക സൗഹൃദമാകണം.

**30 ഡിഗ്രിയിൽ കൂടുതൽ ചെരിവുള്ള പ്രദേശങ്ങളിലെ കൃഷി**

ദീർഘകാല വിളകൾ മാത്രം എന്നതിനുപകരം ദീർഘകാലവിളകളും ഇടവിളകളായി ഹ്രസ്വകാലവിളകളും കൃഷിചെയ്യുക എന്നു മാററുക. റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന കൺസർവേഷൻ സർചാർജ് വ്യക്തവും കൃത്യവുമായി നിർവചിക്കണം. വയനാടിനെ നിലവിൽ മൂന്ന് അഗ്രോ ഇക്കോളജിക്കൽ മേഖലകളാക്കി തിരിച്ചിട്ടുണ്ട്. ഇത് പുനഃപരിശോധിക്കുകയും ഓരോ മേഖലകൾക്കും യോജിച്ച വിളകൾ നിർദേശിക്കുകയും വേണം. ഓരോ മേഖലകളിലും നിർദേശിക്കപ്പെട്ടിട്ടുള്ള വിളകൾ കൃഷിചെയ്യുന്നവർക്ക് പ്രത്യേക പ്രോത്സാഹനം എന്ന നിലയ്ക്ക് ധനസഹായം ഏർപ്പെടുത്തേണ്ടതാണ്.

**രാസകീടനാശിനികളുടെയും കളനാശിനികളുടെയും പ്രയോഗം**

പശ്ചിമഘട്ട മേഖലയിൽ രാസ-കള കീടനാശിനികളുടെ ഉൽപ്പാദനം, ഉപയോഗം, വിതരണം ഘട്ടംഘട്ടമായി നിർത്തലാക്കണം.

**മൃഗപരിപാലനം**

നാടൻ ജനുസുകൾ, വിത്തുകൾ എന്നിവ സംരക്ഷിക്കുന്നവർക്ക് സ്ഥിരമായ പ്രോൽസാഹനം നൽകണം.

**വനം**

റിപ്പോർട്ടിൽ ആദിവാസി സമൂഹത്തെക്കുറിച്ചു

ള്ള പരാമർശക്കുറവ് ചൂണ്ടിക്കാണിക്കപ്പെട്ടു. വനാവകാശ നിയമം അതിന്റെ അന്തഃസത്തക്കനുസരിച്ച് പൂർണ്ണമായി നടപ്പാക്കണം എന്ന ശുപാർശയോട് പൂർണ്ണമായും യോജിക്കുന്നു. മഴ കുറയുന്നത് തടയുന്നതിനായി സ്വകാര്യ സ്ഥലങ്ങളിലെ മരം നട്ടുപിടിപ്പിക്കൽ പ്രോത്സാഹിപ്പിക്കുക. വയനാടിന്റെ വെജിറ്റേഷൻ കൗണ്ട് വർദ്ധിപ്പിക്കുക. പശ്ചിമഘട്ട സംരക്ഷണം തന്നെയാണ് ഇതിനുള്ള വഴി. ഒരു പഞ്ചായത്തിൽ കുറച്ച് പ്രദേശം സ്വാഭാവിക തനതുസസ്യജാലങ്ങളുടെ ആവാസസ്ഥലമായി നിലനിർത്താൻ പദ്ധതികൾ വേണം. യൂക്കാലിപ്റ്റസ് പോലുള്ള വിദേശയിനം പ്ലാന്റേഷനുകൾ ഒഴിവാക്കുക, ഔഷധസസ്യങ്ങളുടെ ഉപയോഗം നിയന്ത്രണവിധേയമാക്കുക തുടങ്ങിയ നിർദ്ദേശങ്ങളോട് പൂർണ്ണമായും യോജിക്കുന്നു.

**പരമ്പരാഗത ഭൂസംരക്ഷണ പ്രവർത്തനങ്ങൾ**

തലക്കുളങ്ങൾ, തലചിറകൾ എന്നിവ സംരക്ഷിക്കപ്പെടണം. അതിനുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുതലത്തിൽ ഉണ്ടാവണം.

**വനഭൂമിയിലെ തോട്ടങ്ങൾ**

തേക്ക്, യൂക്കാലി തുടങ്ങിയ ഏകവൃക്ഷതോട്ടങ്ങൾ നിർത്തലാക്കണമെന്നും തദ്ദേശജാതി വൃക്ഷങ്ങൾ വെച്ച് പിടിപ്പിച്ച് കാടിനെ പൂർവ്വ ആവാസവ്യവസ്ഥയിലേക്ക് കൊണ്ടുവരണമെന്നുമുള്ള നിർദ്ദേശത്തോട് പൂർണ്ണമായും യോജിക്കുന്നു.

**ഔഷധസസ്യങ്ങളുടെ ശേഖരണം**

കർശന നിയന്ത്രണം ഏർപ്പെടുന്നതിനോട് യോജിക്കുന്നു. പഞ്ചായത്തുകൾ ഇതിനായി രൂപരേഖ തയ്യാറാക്കണം.

**വന്യമൃഗങ്ങളിൽ നിന്നുള്ള നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം**

മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിന് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഗുണപരമായ മാർഗ്ഗങ്ങൾ ആരായണം. വനാവകാശത്തിൽ പറഞ്ഞിട്ടുള്ള സാമൂഹ്യ വനസംരക്ഷണ പ്രവർത്തനങ്ങളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുക.

**ഖനനം**

ഖനനം നിയന്ത്രിക്കുന്നതിനുള്ള എല്ലാ നിർദ്ദേശങ്ങളോടും പൂർണ്ണമായും യോജിക്കുന്നു. മണൽ വാരൽ കർശനമായും സർക്കാർ നിയന്ത്രിതമാവണം. ക്വാറികളുടെ കാര്യത്തിൽ കർശനനിയന്ത്രണം ഏർപ്പെടുത്തുകയും വയലുകളിലെ മണൽ ഖനനം നിർത്തലാക്കുകയും വേണം.

**മലിനീകരണം ഉണ്ടാക്കുന്ന വ്യവസായം**

മലിനീകരണം ഉണ്ടാക്കുന്ന പുതിയ വ്യവസായങ്ങൾ തുടങ്ങരുതെന്നും നിലവിലുള്ളവയുടെ മലിനീകരണ തോത് 2016 ആകുമ്പോഴേക്കും പൂജ്യമായി മാറ്റണമെന്നും കർശന നിയന്ത്രണത്തിന് വിധേയമാക്കണമെന്നുമുള്ള റിപ്പോർട്ടിലെ എല്ലാ നിർദ്ദേശങ്ങളോടും പൂർണ്ണമായും യോജിക്കുന്നു.

**ഊർജ്ജം**

സൗരോർജ്ജം പ്രോൽസാഹിപ്പിക്കണം.

കച്ചവടസ്ഥാപനങ്ങൾ പരസ്യത്തിനായി നടത്തുന്ന അധിക വൈദ്യുതി ഉപഭോഗം നിയന്ത്രിക്കുക. ഇത്തരം ആവശ്യങ്ങൾക്കായി കർശനമായും സൗരോർജ്ജം പ്രോൽസാഹിപ്പിക്കുക. ചെറുകിട ജലവൈദ്യുത പദ്ധതികൾ മതിയെന്ന ഗാഡ്ഗിൽ കമ്മറ്റി ശുപാർശ അംഗീകരിക്കണം. ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണം. ഡാമുകളുടെ കാലാവധി വർദ്ധിപ്പിക്കുന്നതിനായി ഓരോ ഡാമുകളേയും പ്രത്യേകം പഠനവിധേയമാക്കി പരിപാലനപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

**ടൂറിസം**

ടൂറിസം പ്ലാനിങ്ങ് പ്രാദേശിക ആസൂത്രണത്തിന്റെ ഭാഗമാക്കണം. പ്രാദേശിക വിഭവങ്ങൾ (ഉദാ. ജലം) ഉപയോഗിച്ചുകൊണ്ടുള്ള സ്വകാര്യ സ്ഥാപനങ്ങളും പ്രാദേശിക ആസൂത്രണത്തിലൂടെ വേണം വരാൻ. പഞ്ചായത്തിന്റെ അനുമതി ഇത്തരം സംരംഭങ്ങൾക്ക് നിർബന്ധമാക്കണം. 40 ഡിഗ്രിയിൽ കൂടുതൽ ചെരിവുള്ളപ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ മാർഗ്ഗരേഖ വികസിപ്പിക്കുക. തണ്ണീർത്തടനിയമം കർശനമായി നടപ്പാക്കുക.

**ഗതാഗതം**

എക്സ്പ്രസ്‌വേകൾ ഒഴിച്ചുള്ള പുതിയ റോഡുകളുടെ നിർമ്മാണത്തെ സംബന്ധിച്ചുള്ള തീരുമാനമെടുക്കുന്നതിലും, റോഡുകളുടെ വിപുലീകരണത്തിലും സ്വീകരിക്കേണ്ട മാനദണ്ഡങ്ങളെക്കുറിച്ചും തീരുമാനമെടുക്കാനും പരിസ്ഥിതി ആഘാത പഠനങ്ങൾ നടത്താനും തദ്ദേശ സർക്കാറുകൾക്ക് അധികാരം ഉണ്ടായിരിക്കണം. തീരുമാനപ്രക്രിയയിൽ എല്ലാവിഭാഗം ജനങ്ങളുടേയും അഭിപ്രായം ആരായാനുള്ള സംവിധാനം ഉണ്ടാവണം. വയനാടിന് റെയിൽവേ വേണം എന്നാൽ പരമാവധി ആവാസവ്യവസ്ഥയ്ക്ക് ദോഷമുണ്ടാകാത്ത സങ്കേതങ്ങളും നിർമ്മാണ മാർഗ്ഗരേഖയും ശാസ്ത്രീയമായ പഠനത്തിലൂടെ രൂപപ്പെടുത്തിയ ശേഷം മാത്രം നിർമ്മാണം ആരംഭിക്കുക. ■